# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2385** **07.10.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ

ചോദ്യം

**ശ്രീ.രാജു എബ്രഹാം**
**ശ്രീ.ഐ.ബി.സതീഷ്**
**ശ്രീ.കെ.ജെ.മാക്സി**
**ശ്രീ.വി.അബ്ദുറഹിമാൻ**

മറുപടി

**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്നും ഇതിന്റെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

എ) ദേശീയ ഹോർട്ടികൾച്ചർമിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്നതിന് വേണ്ടി 2005 ഒക്ടോബർ 13-ന് രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു

1.ഗവേഷണം, സാങ്കേതിക വിദ്യ പ്രോത്സാഹനം, വിജ്ഞാന വ്യാപനം, സംസ്കരണം, വിപണനം എന്നിവ ഉപയോഗപ്പെടുത്തി കൊണ്ട് ഹോർട്ടികൾച്ചർ മേഖലയുടെ സമഗ്രവും സംയോജിതവുമായ വിജ്ഞാന വ്യാപനം.

2.ഹോർട്ടികൾച്ചർ മേഖലയിലെ ഉത്പാദനവും മൂല്യവും വർദ്ധിപ്പിക്കുകവഴി പോഷകാഹാര സുരക്ഷയും വരുമാനവും ഉറപ്പുവരുത്തുക.

3.ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുക.

4.വിളകളെ രോഗങ്ങളിൽ നിന്ന് സംരക്ഷിക്കുക

5.ഹോർട്ടികൾച്ചർ ഉത്പന്നങ്ങളുടെ സംസ്കരണം.

6.ഹോർട്ടികൾച്ചർ വികസനത്തിനായി ഈ മേഖലയിൽ നിലവിൽ നടപ്പിലാക്കുന്നതും ആസൂത്രണം ചെയ്യപ്പെട്ടതുമായ പദ്ധതികളുടെ ഏകോപനം.

7.പരമ്പരാഗത ആശയങ്ങളും നൂതന അറിവുകളും സംയോജിപ്പിച്ചു കൊണ്ടുള്ള വികസനവും വിജ്ഞാന വ്യാപനവും പ്രോത്സാഹിപ്പിക്കുക.

8.കേരളത്തിലെ ഹോർട്ടികൾച്ചർ മേഖലയുടെ വിജ്ഞാന വ്യാപനത്തിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ആവശ്യമായ സാങ്കേതിക സഹായം നൽകുക.

9.ഹോർട്ടികൾച്ചർ മേഖലയുടെ പ്രചാരണ ത്തിനും അവബോധം സൃഷ്ടിക്കുന്നതിനും സാങ്കേതിക സഹായം നൽകുക.

10.ഹോർട്ടികൾച്ചർ മേഖലയിലെ പരിശീലന പരിപാടികൾ, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുകയോ സ്പോൺസർ ചെയ്യുകയോ ചെയ്യുക

11.സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർക്കാർ, അർദ്ധ സർക്കാർ ഏജൻസികൾ, സഹകരണ സംഘങ്ങൾ, കർഷകർ, സ്വകാര്യ സംരംഭകർ എന്നിവർക്ക് ഹോർട്ടികൾച്ചർ മേഖലയിൽ വിജ്ഞാനവും പരിചയവും ലഭ്യമാക്കുക.

12.മുകളിൽ പറഞ്ഞ ലക്ഷ്യങ്ങൾ സാധിക്കുന്നതിന് ഉതകുന്ന സാഹചര്യങ്ങൾ ഒരുക്കുക

13.നൈപുണ്യമുള്ളതും ഇല്ലാത്തതുമായ വ്യക്തികൾക്ക്, പ്രത്യേകിച്ച് തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.

ബി) പ്രസ്തുത മിഷൻ വഴി കർഷകർക്കായി എന്തെല്ലാം ക്ഷേമപദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

ബി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ- കേരള മുഖാന്തിരം ഹോർട്ടിക്കൾച്ചർ വിളകളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പി ക്കുന്നതിനായുള്ള പദ്ധതികളായ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി, ദേശീയ ഔഷധസസ്യ മിഷൻ പദ്ധതി, ഹൈടെക് ഫാമിംഗ് പദ്ധതി, മൈക്രോ ഇറിഗേഷൻ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാ ക്കുന്ന പദ്ധതികൾ എന്നിവ നടപ്പിലാക്കി വരു ന്നു.

സി) ഹോർട്ടികൾച്ചർ മിഷൻ ഏതൊക്കെ സംസ്ഥാനങ്ങളിലാണ് ബോർഡ്/വകുപ്പ് ആയി പ്രവർത്തിക്കുന്നതെന്ന് അറിയിയ്ക്കാമോ;

സി) ആന്ധ്രാപ്രദേശ്, കർണ്ണാടക, സിക്കിം, തമിഴ് നാട്,പഞ്ചാബ്,ഹരിയാന,ഗുജറാത്ത്, ഹിമാചൽപ്രദേശ്,ജാർഖണ്ഡ്,മധ്യപ്രദേശ്, തെലുങ്കാന, ഛത്തീസ്ഗഡ്, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ, ഒഡീഷ, മിസോറാം, നാഗാലാന്റ്, അസ്സാം, ഉത്തരാഖണ്ഡ്, രാജസ്ഥാൻ, ജമ്മു കാശ്മീർ, മണിപ്പൂർ, അരുണാചൽ-പ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ

| | | | |
|---|---|---|---|
| | | | പ്രത്യേക ഹോർട്ടികൾച്ചർ വകുപ്പും വിഹാർ മേഘാലയ എന്നീ സംസ്ഥാനങ്ങളിൽ കൃഷി വകുപ്പിന് കീഴിൽ ഒരു പ്രത്യേക ഡയറക്ടറേറ്റ് ഓഫ് ഹോർട്ടികൾച്ചറും പ്രവർത്തിച്ചുവരുന്നു. മഹാരാഷ്ട്രയിൽ ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി മഹാരാഷ്ട്ര സംസ്ഥാന ഹോർട്ടികൾച്ചർ ആന്റ് മെഡിസിനൽ പ്ലാന്റ് ബോർഡായും പ്രവർത്തിക്കുന്നു. ഗോവ, ത്രിപുര എന്നിവിടങ്ങളിൽ പ്രത്യേക ഹോർട്ടികൾച്ചർ വകുപ്പ് പ്രവർത്തിക്കുന്നില്ല. |
| ഡി) | പ്രസ്തുത മിഷൻ, ബോർഡ് ആക്കി കർഷകർക്ക് കൂടുതൽ ക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | ഡി) | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ബോർഡ് ആക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ